**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4480** **18-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖം വഴി കേരളത്തിനുള്ള നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര വിവിധോദ്ദേശ്യ തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് സംസ്ഥാനത്തിന് ഉണ്ടാകാൻ പോകുന്നത്; വിശദമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രതിവർഷം 10 ലക്ഷം TEU സ്ഥാപിത ശേഷിയുള്ള ഒന്നാം ഘട്ടം 2024 ഡിസംബർ 3 ന് പ്രവർത്തനക്ഷമമായിട്ടുണ്ട്. 2024 ജൂലൈ 11-ാം തീയതി ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ തുറമുഖത്തിൽ അടുത്തു തുടങ്ങിയതിനു ശേഷം നാളിതുവരെ തുറമുഖത്തിന്റെ പ്രവർത്തനം വിജയകരമായി പുരോഗമിക്കുകയാണ്. ഫെബ്രുവരി മാസം 28-ാം തീയതി വരെ 189 കപ്പലുകൾ തുറമുഖത്തിലെത്തുകയും 3,79,624 TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുകയുമുണ്ടായി. ഇതിലൂടെ 200 കോടി രൂപ തുറമുഖ വരുമാനമായി കൺസഷണയർക്കും നികുതിയിനത്തിൽ 36 കോടി രൂപ സർക്കാരിനും ലഭിച്ചു. തുറമുഖ വരുമാനത്തിന്റെ വിഹിതം 2035 മുതൽ സംസ്ഥാന സർക്കാരിനു ലഭിച്ചു തുടങ്ങുന്നതാണ്. കൂടാതെ, തുറമുഖവുമായി ബന്ധപ്പെട്ട് നിരവധി നിക്ഷേപങ്ങളും തൊഴിലവസരങ്ങളും എത്തിച്ചേരുന്നതാണ്. |
| (ബി) | വിഴിഞ്ഞം തുറമുഖം എന്നത്തേയ്ക്ക് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ കഴിയും; വിശദാംശം വ്യക്തമാക്കാമോ? | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ടം 2024 ഡിസംബർ 3 മുതൽ പൂർണ്ണമായി പ്രവർത്തന സജ്ജമാണ്. തുറമുഖത്തിന്റെ തുടർ ഘട്ടങ്ങൾ (2,3,4 ഘട്ടങ്ങൾ) കൂടി ഡിസംബർ 31, 2028 നുള്ളിൽ പൂർത്തീകരിച്ച്, തുറമുഖം പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ